1
ശനി
ഫെബ്രുവരി, 2020
1195 മകരം 18
പേജ് 18 വില ₹ 7.50

കൊല്ലം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം
കോട്ടയം | തൃശ്ശൂർ | മലപ്പുറം | പാലക്കാട് | ആലപ്പുഴ

www.deshabhimani.com
facebook.com /deshabhimani
@DBIDaily
kollam@deshabhimani.com

# ദേശാഭിമാനി

ESTD. 1942

പൗരത്വ ഭേദഗതി നിയമത്തിന്റെ കാര്യത്തിൽ ഗാന്ധിജിയുടെ ആശയം നടപ്പാക്കുന്നുവെന്നപേരിൽ മോഡി സർക്കാർ നുണ പ്രചരിപ്പിക്കുന്നു

**സീതാറാം യെച്ചൂരി**
സിപിഐ എം ജനറൽ സെക്രട്ടറി

07



ഗവർണർക്കെതിരായ പ്രതിപക്ഷ പ്രമേയം പരിഗണിക്കില്ല

08



വിദ്വേഷ പ്രചാരകരെ അറസ്റ്റ് ചെയ്യണം: സിപിഐ എം

08

# ഒറ്റപ്പെടലിന്റെ വീട് വിട്ട് ഗാന്ധിഭവനിലേക്ക്

**പത്തനാപുരം**

സംരക്ഷിക്കാൻമറ്റാരുമില്ലാത്ത അമ്മയും മകനും സ്വന്തം വസ്തുവും വീടും സമർപ്പിച്ച് പത്തനാപുരം ഗാന്ധിഭവന്റെ തണലിൽ അഭയംതേടി. നെടുമ്പന പഞ്ചായത്ത് വടക്കേക്കര പുത്തൻവീട്ടിൽ തങ്കപ്പൻപിള്ളയുടെ ഭാര്യയും മുൻ അധ്യാപികയുമായ സി വിജയമ്മയും (64), മകൻ ടി അനുഗ്രഹുമാണ് (27) ഗാന്ധിഭവന്റെ ഭാഗമായത്.

ഇവരുടെ 87.5 സെന്റ് സ്ഥലവും ഇരുനില വീടും സ്വമേധയാ ഗാന്ധിഭവനു സംഭാവനയായി നൽകി. ഭർത്താവിന്റെ മരണശേഷം വല്ലാത്ത ഒറ്റപ്പെടൽ അനുഭവിക്കേണ്ടി വന്നെന്നും ജീവിതത്തോടു വല്ലാത്ത വിരക്തിയുണ്ടായെന്നും വിജയമ്മ പറഞ്ഞു. അച്ഛന്റെ വേർപാടോടെ ജീവിതംതന്നെ അനിശ്ചിതത്വത്തിലായപ്പോഴാണ് ഗാന്ധിഭവനിൽ അഭയം തേടാൻ തീരുമാനിച്ചതെന്ന് അനുഗ്രഹ് പറഞ്ഞു.

പഞ്ചായത്ത് പ്രസിഡന്റ് എസ് നാസറുദീന് വിജയമ്മ നൽകിയ ആധാരം ഗാന്ധിഭവൻ അസിസ്റ്റന്റ് സെക്രട്ടറി ജി ഭുവനചന്ദ്രൻ ഏറ്റുവാങ്ങി. പ്രസന്നാ രാമചന്ദ്രൻ, സുൽബത്ത്, പി ടി റോയി, ഗാന്ധിഭവൻ പി ആർഒ അനിൽകുമാർ, അൻവർ എം സാദത്ത്, അജയൻ കാലായിൽ എന്നിവരും സന്നിഹിതരായി.



**വിജയമ്മയെയും മകൻ ടി അനുഗ്രഹിനെയും ഗാന്ധിഭവൻ അസിസ്റ്റന്റ് സെക്രട്ടറി ജി ഭുവനചന്ദ്രന്റെ നേതൃത്വത്തിൽ ഏറ്റെടുത്തപ്പോൾ**